**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 65** **24-06-2026-ൽ മറുപടിയ്ക്ക്**

**ഗുണനിലവാരമുള്ള കുടിവെള്ളം ലഭ്യമാക്കാൻ നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. കല്ലട്ര മാഹിൻ

ശ്രീ. പി .എം. എ. സമീർ

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** ഗുണനിലവാരമുള്ള കുടിവെള്ളം ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

**മറുപടി:** വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി തയ്യാറാക്കിയ ആക്ഷൻ പ്ലാൻ അനുസരിച്ച് എല്ലാ മാസവും വിവിധ ജലവിതരണ പദ്ധതികളിൽ നിന്ന് ജല സാമ്പിളുകൾ ശേഖരിച്ച് അംഗീകൃത ലാബുകളിൽ ഭൗതിക, രാസ, ജൈവ പരിശോധനകൾ നടത്തി വരുന്നു. ജലത്തിന്റെ നിറം, മണം, രുചി, പി.എച്ച് മൂല്യം, കാഠിന്യം വിവിധ രാസ ഘടകങ്ങൾ അവക്ഷിപ്ത ക്ലോറിൻ, ടോട്ടൽ കോളിഫോം ബാക്ടീരിയ, ഇ-കോളി എന്നിവ ഉൾപ്പെടെയുള്ള പ്രധാന ഗുണനിലവാര മാനദണ്ഡങ്ങളാണ് പരിശോധിക്കുന്നത്.

പരിശോധനയിൽ ഏതെങ്കിലും അപാകതകൾ കണ്ടെത്തുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ജലവിതരണ വിഭാഗത്തെ ഉടൻ അറിയിച്ച് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുന്നു. തുടർന്ന് ക്വാളിറ്റി കൺട്രോൾ വിഭാഗം പുനഃപരിശോധന നടത്തി കുടിവെള്ളത്തിന്റെ ഗുണനിലവാരം മാനദണ്ഡങ്ങൾക്കനുസൃതമാണെന്ന് ഉറപ്പുവരുത്തുന്നു.

**(ബി)** ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യമായി കുടിവെള്ളം നൽകാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

**മറുപടി:** സംസ്ഥാനത്തെ ദുർബല വിഭാഗങ്ങളിൽപ്പെട്ട ജനങ്ങൾക്ക് സുരക്ഷിതമായ കുടിവെള്ളം ലഭ്യമാക്കുന്നതിനായി സർക്കാർ നയങ്ങളുടെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റി വിവിധ ആനുകൂല്യങ്ങളും ഇളവുകളും നടപ്പിലാക്കി വരുന്നു.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള (BPL) കുടുംബങ്ങൾക്ക് പ്രതിമാസം 15 കിലോലിറ്റർ (15,000 ലിറ്റർ) വരെ കുടിവെള്ളം സൗജന്യമായി ലഭ്യമാക്കുന്നുണ്ട്. കൂടാതെ, 40 ശതമാനമോ അതിലധികമോ അംഗവൈകല്യമോ ഓട്ടിസമോ ബാധിച്ച അംഗങ്ങളുള്ള കുടുംബങ്ങൾക്കും പ്രതിമാസം 15 കിലോലിറ്റർ വരെ സൗജന്യ കുടിവെള്ള ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

അതിനുപുറമെ, ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും പൂർണമായും സൗജന്യ സേവനം നൽകുന്നതുമായ അനാഥാലയങ്ങൾ/അഭയമന്ദിരങ്ങൾ എന്നിവയ്ക്ക് പ്രതിമാസം 60

കിലോലിറ്റർ (60,000 ലിറ്റർ) വരെ ജലോപഭോഗത്തിന് നിലവിലുള്ള നിരക്കിൽ 50 ശതമാനം ഇളവും അനുവദിച്ചുവരുന്നു.

**(സി)** റോഡ് വെട്ടിപ്പൊളിച്ച് പൈപ്പിടുന്നതു മൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

**മറുപടി:** ജൽ ജീവൻ മിഷൻ പദ്ധതിയുടെ നിർവഹണത്തിന്റെ ഭാഗമായി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നിയന്ത്രണത്തിലുള്ള റോഡുകൾ മുറിച്ച് പ്രവൃത്തികൾ നടത്തേണ്ടിവന്നിട്ടുണ്ട്.

1)ഫണ്ടിന്റെ അഭാവം മൂലം PWD റോഡുകളുടെ പുനഃസ്ഥാപന പ്രവർത്തനങ്ങൾ മന്ദഗതിയിലായിരുന്നെങ്കിലും, സംസ്ഥാന സർക്കാർ NABARD വായ്പ ലഭ്യമാക്കി കരാറുകാരുടെ കുടിശ്ശിക തീർപ്പാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, KWA കരാറുകളിൽ ഉൾപ്പെട്ടിട്ടുള്ള റോഡ് പുനഃസ്ഥാപന പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2)PWD/NHAI/KRFB/PWD-NH തുടങ്ങിയ ഏജൻസികളുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള പുനഃസ്ഥാപന തുക അടച്ച ശേഷമാണ് കേരള വാട്ടർ അതോറിറ്റിക്ക് റോഡുകൾ കുഴിക്കുന്നതിനുള്ള അനുമതി ലഭ്യമാകുന്നത്. ഇപ്രകാരം തുക അടച്ച് അനുമതി ലഭിച്ച സ്ഥലങ്ങളിലെ റോഡ് പുനഃസ്ഥാപന പ്രവർത്തനങ്ങൾ നടത്തുന്നത് പൊതുമരാമത്ത് വകുപ്പാണ്.

പുനഃസ്ഥാപന പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനും തടസ്സങ്ങൾ പരിഹരിക്കുന്നതിനുമായി പൊതുമരാമത്ത് വകുപ്പുമായുള്ള ഏകോപനം സെക്രട്ടറി തലത്തിലും ഉന്നത ഉദ്യോഗസ്ഥരുടെ തലത്തിലും തുടരുന്നു. കൂടാതെ, 05.02.2026-ലെ CEPWD/10876/2022-C6(W)-RD സർക്കുലർ പ്രകാരം, ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി PWD റോഡുകളിൽ പൈപ്പ് സ്ഥാപിച്ച ശേഷം റോഡുകൾ ഉടൻ പൊതുമരാമത്ത് വകുപ്പിന് കൈമാറുകയും, തുടർ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പ് നിർവഹിക്കുകയും ചെയ്യണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു

3)ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ പഞ്ചായത്ത് റോഡുകളുടെ താൽക്കാലിക പുനഃസ്ഥാപനത്തിനുള്ള തുക മാത്രമാണ് അനുവദിച്ചിരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിച്ചിട്ടുണ്ട്. നാലും അഞ്ചും ഘട്ടങ്ങളിലെ പദ്ധതികളിൽ സ്ഥിരം പുനഃസ്ഥാപനത്തിനുള്ള തുകയും ഉൾപ്പെടുത്തിയിട്ടുണ്ട്. തുടർന്ന്, ആദ്യ മൂന്ന് ഘട്ടങ്ങളിലെ പദ്ധതികൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുനഃസ്ഥാപനത്തിന് ₹1351.20 കോടി രൂപയുടെ അധികാനുമതിയും ലഭിച്ചിട്ടുണ്ട്.

റോഡ് പുനഃസ്ഥാപന നടപടികൾ സംബന്ധിച്ച മാർഗനിർദേശങ്ങൾ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി 08.01.2024-ന് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, തദ്ദേശസ്ഥാപനങ്ങൾക്ക് അവരുടെ വികസന/മെയിന്റനൻസ്/CFC ഗ്രാന്റുകൾ മുൻകൂറായി വിനിയോഗിച്ച് അടിയന്തര റോഡ് പുനഃസ്ഥാപന പ്രവർത്തനങ്ങൾ നടത്താൻ അനുമതി നൽകി 26.01.2026-ന് തദ്ദേശസ്വയംഭരണ വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

പഞ്ചായത്തുകൾ മുൻകൂറായി ചെലവഴിക്കുന്ന തുക JJM പദ്ധതിയുടെ സീനിയോറിറ്റി അടിസ്ഥാനത്തിൽ പിന്നീട് തിരിച്ചുനൽകുന്നതാണ്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തദ്ദേശസ്ഥാപനങ്ങളുമായി ഏകോപനം

നടത്തി റോഡുകളുടെ പുനഃസ്ഥാപന നടപടികൾ പുരോഗമിച്ചുവരികയാണ്. പൈപ്പ് ലൈൻ സ്ഥാപിച്ച ഉടൻ റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിക്കുന്നതുമാണ്.

**മറ്റ് പദ്ധതികൾ**

പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി റോഡുകൾ മുറിക്കുന്നതിലൂടെ ഉണ്ടാകുന്ന യാത്രാക്ലേശങ്ങൾ പരമാവധി കുറയ്ക്കുന്നതിനും റോഡുകൾ സമയബന്ധിതമായി പുനഃസ്ഥാപിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി പൈപ്പ് സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റിൽ റോഡ് പുനഃസ്ഥാപനത്തിനാവശ്യമായ തുകയും ഉൾപ്പെടുത്തുന്നുണ്ട്.

PWD, KRFB, NHAI, PWD-NH, RICK തുടങ്ങിയ ഏജൻസികൾ നിർദേശിക്കുന്ന പുനഃസ്ഥാപന തുക അടച്ച ശേഷമാണ് റോഡ് മുറിക്കുന്നതിനുള്ള അനുമതി ലഭ്യമാകുന്നത്. പ്രസ്തുത വകുപ്പുകളുമായി ആവശ്യമായ ഏകോപനം ഉറപ്പാക്കിയാണ് പ്രവൃത്തികൾ നടപ്പാക്കുന്നത്.

പൈപ്പ് സ്ഥാപിച്ച ശേഷം റോഡ് മുറിച്ച ഭാഗങ്ങൾ താൽക്കാലികമായി പുനഃസ്ഥാപിക്കുന്നുണ്ട്. പൂർണ്ണമായ പുനഃസ്ഥാപന പ്രവർത്തികൾ PWD/KRFB/NHAI/PWD-NH/RICK തുടങ്ങിയ ഏജൻസികൾ ആണ് നടപ്പിലാക്കുന്നത്.

റോഡ് പുനഃസ്ഥാപന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും അനുബന്ധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി കേരള വാട്ടർ അതോറിറ്റി വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തിവരുന്നു. കൂടാതെ, ജില്ലാ കളക്ടർ അധ്യക്ഷനായ യോഗങ്ങളിലൂടെയും ബന്ധപ്പെട്ട വകുപ്പുകളുമായുള്ള ഏകോപനത്തിലൂടെയും ഇത്തരം വിഷയങ്ങൾ പരിഹരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**